## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 511 | 29.06.2015-ലെ മറുപടിയ്ക്ക്

### പെട്രോളിയം ഉൽപന്നങ്ങളുടെ നികതിയും സെസ്സും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം.എ.ബേബി | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | പെട്രോളിയം ഉൽപന്നങ്ങളുടെ നികുതിയും സെസ്സും ഇനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം പ്രതീക്ഷിക്കുന്ന വരുമാനം സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷത്തെ വരുമാനം എത്രയായിരുന്നു ; | (എ) | 2015-16 – ൽ പെട്രോളിയം ഉൽപന്നങ്ങളുടെ നികുതിയിനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം പെട്രോളിയം ഉൽപന്നങ്ങളുടെ വിലയുമായി ബന്ധപ്പെട്ടതായതിനാൽ കൃത്യമായി പറയാൻ സാദ്ധ്യമല്ല. ഈ ഇനത്തിൽ മുൻ സാമ്പത്തിക വർഷം (2014-15) ലഭിച്ച വരുമാനം 5593.07 കോടി രൂപയാണ്.<br>പെട്രോളിയം ഉൽപന്നങ്ങളുടെ മേൽ സോഷ്യൽ സെക്യൂരിറ്റി സെസ് ചുമത്തിയിട്ടുണ്ട്. കേരള ധനകാര്യ ബിൽ 2015 പ്രകാരം ലിറ്ററിന് ഒരു രൂപാ നിരക്കിൽ അധിക വിൽപന നികുതി 01.04.2015 മുതൽ ഇവയ്ക്ക് മേൽ ചുമത്തി വരുന്നു. |
| (ബി) | നികുതിയും സെസ്സും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ നികുതിയിലൂടെ ലഭിക്കുന്ന അധിക വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ റീട്ടെയിൽ വിലയിൽ അതുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി സംസ്ഥാനം വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുണ്ട്.<br>ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 22 തവണ വർദ്ധനവ് നടന്നിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 25 തവണ വർദ്ധനവ് ഉണ്ടായതിൽ 2 തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. പെട്രോളിന്റെ അടിസ്ഥാന വിലയിൽ 27 തവണ കുറവ് വരുത്തിയിട്ടുണ്ട്. ഇതിൽ 13 തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് ഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 8 തവണ അടിസ്ഥാന വിലയിൽ കുറവുണ്ടായതിൽ 5 തവണ നികുതി നിരക്ക് ഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും വില വർദ്ധനവ്/ കുറവ് വരുമ്പോൾ അതിന്റെ തോതും കൂടി പരിഗണിച്ച് അതിന് യുക്തമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2015-16 ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ലിറ്ററിന് 1 രൂപ നിരക്കിൽ അധിക നികുതി ചുമത്തിയതുമൂലം 375 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. |
| (സി) | വില വർദ്ധനമൂലം ഉണ്ടാകുന്ന അധിക നികുതി ഉപേക്ഷിക്കാത്തത് എന്തുകൊണ്ടാണ്? | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത് എണ്ണക്കമ്പനികളാണ്. ഈ വില നിശ്ചയിക്കുന്നത് അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിലാണ്. ഇന്ധനത്തിന്റെ അടിസ്ഥാന വിലയിൽ കസ്റ്റംസ് തീരുവ, കടത്ത് കൂലി, ഇൻഷ്വറൻസ് തുടങ്ങിയ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു. അടിസ്ഥാന വില എക്സൈസ് തീരുവ, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ കണക്കിലെടുത്താണ് ടാക്സബിൾ വാല്യൂ നിശ്ചയിക്കുന്നത്. ഈ ടാക്സബിൾ വാല്യുവിൻ മേലാണ് സംസ്ഥാനം നിശ്ചിത നിരക്കിൽ വില്പന നികുതി ചുമത്തുന്നത്. 01.03.2015 - ലെ |

| | | | |
|---|---|---|---|
| | | | കണക്കനുസരിച്ച് ഒരു ലിറ്റർ പെട്രോളിന്റെ റീട്ടേയിൽ (എറണാകുളം ജില്ല) വിലയായ 66.55/- രൂപയിൽ 15.55/- രൂപയും ഒരു ലിറ്റർ ഡീസലിന്റെ റീട്ടേയിൽ (എറണാകുളം ജില്ല) വിലയായ 55.87 രൂപയിൽ 10.78/- രൂപയും ആണ് വില്പന നികുതിയായി ഈടാക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി. ഇവയുടെ നികുതി ഘടനയിൽ വൻ തോതിലുള്ള കുറവ് വരുത്തിയാൽ അത് റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതിനാൽ അന്താരാഷ്ട്ര വിപണിയിലുണ്ടാകുന്ന കുറവ് എണ്ണക്കമ്പനികൾ നിശ്ചയിക്കുന്ന അടിസ്ഥാന വിലയിലും, എക്സൈസ് ഡ്യൂട്ടിയിലും പ്രതിഫലിച്ചാൽ മാത്രമേ അതിനനുസൃതമായ കുറവ് ഇവയുടെ റീട്ടെയിൽ വിലയിൽ ഉണ്ടാവുകയുള്ളൂ. എന്നിരുന്നാലും ഓരോ പ്രാവശ്യവും വില വർദ്ധനവ്/കുറവ് വരുമ്പോൾ അതിന്റെ തോതും കൂടി പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**